ഫോറം നമ്പർ 4

*[റൂൾ 11 (3) കാണുക]*

**വിജ്ഞാപനം**

DCKNR/3108/2018-C8

**31/10/2018**

താഴെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് മേലെ ചൊവ്വ അണ്ടർപാസ് നിർമ്മാണത്തിന്ന് ആവശ്യമുണ്ടെന്നോ അവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെടുന്നതുകൊണ്ടും,

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം - 2013 (കേന്ദ്ര നിയമം 30, 2013) ലെ വകുപ്പ് 4 (1) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട്, 200 ആരിൽ കവിയാത്ത ഭൂമി പൊതു ആവശ്യത്തിന് ഏറ്റെടുക്കേണ്ട അവസരത്തിൽ കേരള സർക്കാർ അതാതു ജില്ലാ കളക്ടറെ ജി.ഒ.(പി)നം.376/ 2016/ആർ.ഡി തീയ്യതി 29/06/2016, എസ.ആർ.ഒ നം.468/16 എന്നിവ പ്രകാരം സമുചിത സർക്കാരായി അധികാരപ്പെടുത്തിയിട്ടുള്ളതിനാലും താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആയതുകൊണ്ട്, ഇപ്പോൾ കണ്ണൂർ ജില്ലയിലെ ബന്ധപ്പെട്ട പ്രദേശത്ത് നിയമാനുസൃതം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും ഒരു സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും കെയ്റോസ്,കണ്ണൂർ എന്ന സ്ഥാപനത്തെ ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് എന്ന നിലക്ക് അധികാരപ്പെടുത്തിയിരിക്കുന്നു. മേൽപ്രവൃത്തി ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആയത് ആറുമാസത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

പട്ടിക

ജില്ല:കണ്ണൂർ

താലൂക്ക്: കണ്ണൂർ

വില്ലേജും ദേശവും: കണ്ണൂർ-1 ,എളയാവൂർ

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| ക്രമ നമ്പർ | വില്ലേജ് | സർവ്വേ നമ്പർ | ഭൂമിയുടെ വിവരണം | വിസ്തീർണ്ണം ആർ |
|---|---|---|---|---|
| 1 | എളയാവൂർ | 75,89 | തോട്ടം | 14.25 |
| 2 | എളയാവൂർ | 72 | നിലം | 5.5 |
| 3 | കണ്ണൂർ-1 | 786,792 | അ.പുഞ്ച | 0.45 |
| 4 | കണ്ണൂർ-1 | 787,789,791,810 | തോട്ടം | 3.05 |
| | | ആകെ | | 23.25 |

Signature valid

Digitally signed by MIR MOHAMMED ALI
Date: 2018.10.31 1?:29:25 IST
Reason: Approved

**DISTRICT COLLECTOR**